**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജണ്ടകൾ നിർമ്മിച്ചതിലെ ക്രമക്കേടുകൾക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ നിർമ്മിച്ചതിൽ ക്രമ ക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | വനാതിർത്തി നിർണ്ണയിക്കുന്ന ജണ്ടകൾ നിർമ്മിച്ചതിൽ വിവിധ സർക്കിളുകളിൽ ക്രമക്കേടുകൾ നടന്നതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് വിഭാഗം) പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) ന്റെയും വിവിധ മേഖല സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെയും റിപ്പോർട്ടുകൾ പ്രകാരം 11,26,574/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ കൂടുതൽ സർക്കാർ നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | തിരുവനന്തപുരം വനം ഡിവിഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ ഉത്തരവാദികളായ ശ്രീ.ബി.അജിത്കുമാർ (റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ), ശ്രീ.ആർ.ബി. അരുൺ കുമാർ (സെക്ഷൻ ഫോറസ്റ്റ് ഓഫീസർ) എന്നിവർക്കെതിരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതിനും, നഷ്ടം ഈടാക്കുന്നതിനും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിൽ ജണ്ട നിർമ്മാണത്തിൽ വീഴ്ച വരുത്തിയ കോൺട്രാക്ടറായ ശ്രീ.രമേശ് എം. ന്റെ ലൈസൻസ് കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ റദ്ദാക്കിയിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിൽ ജണ്ട |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും, നിലമ്പൂർ നോർത്ത് ഡിവിഷനിൽ ഉത്തരവാദികളായ കരാറുകാരിൽ നിന്നും തുകകൾ തിരിച്ചുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ